(സി) ഉണ്ട്.

(ഡി) മൂല്യനിർണ്ണയം മൂന്നു ഭാഗങ്ങളായി നടത്തപ്പെടുന്നു.

പാർട്ട്-1.—നിലവിലുള്ള 12 പേപ്പറുകൾക്കു പുറമെ ഇൻഫർമേഷൻ ടെക്നോളജി കൂടി ഉൾപ്പെടുത്തിയിരിക്കുന്നു. ഐ.റ്റി. ഒഴിച്ചുള്ള ഓരോ പേപ്പറിനും ഇന്റേണൽ അസസ്സ്മെന്റിന് (സ്കൂൾതല വിലയിരുത്തൽ) 20 മാർക്ക് വീതവും എഴുത്തുപരീക്ഷക്ക് 50 മാർക്ക് വീതവും നൽകുന്നതാണ്. ഐ. റ്റി.-ക്ക് ഇന്റേണൽ അസസ്മെന്റിന് 10 മാർക്കും എഴുത്തുപരീക്ഷയ്ക്ക് 50 മാർക്കും നൽകുന്നതാണ്. ഇതിന് അബ്സൊല്യൂട്ട് 9 പോയിന്റ് സ്കെയിലാണ് നടപ്പിലാക്കുന്നത്.

പാർട്ട്-2.—5 പോയിന്റ് അബ്സൊല്യൂട്ട് ഗ്രേഡിംഗ് നടപ്പിലാക്കുന്നതാണ്. പ്രവൃത്തി പരിചയം, കലാപഠനം, ആരോഗ്യവും കായിക വിദ്യാഭ്യാസവും എന്നീ മൂന്നു മേഖലകൾ വിലയിരുത്തപ്പെടും. ഓരോന്നിനും പരമാവധി 20 മാർക്ക് വീതം (ആകെ 60 മാർക്ക്) ലഭിക്കുന്നതാണ്.

പാർട്ട്-3.—5 പോയിന്റ് ഡയറക്ട് ഗ്രേഡിംഗ് നടപ്പിലാക്കും. ഇതിൽ സംഘപ്രവർത്തനങ്ങൾ, ആശയവിനിമയനൈപുണി, കൃത്യനിഷ്ഠ, നേതൃത്വഗുണം, സ്കൂൾ ക്ലബ് പ്രവർത്തനങ്ങൾ എന്നിവയാണ് വിലയിരുത്തപ്പെടുന്നത്. ഈ മൂല്യനിർണ്ണയ രീതി 2005 മാർച്ചിൽ നടക്കുന്ന എസ്.എസ്.എൽ.സി. പരീക്ഷ മുതലാണ് നടപ്പാക്കപ്പെടുന്നത്.

(ഇ) പരാതികൾ ഒഴിവാക്കുന്നതിനും പരിഹരിക്കുന്നതിനുമായി കുറ്റമറ്റ രീതിയിൽ സ്കൂൾ തലത്തിലും, ജില്ലാതലത്തിലും, സംസ്ഥാനതലത്തിലും ബോർഡുകൾ രൂപീകരിക്കും.

സ്കൂൾ വിദ്യാർത്ഥികളുടെ ഗ്രേഡ് നിർണ്ണയം

81 [633] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ ഗ്രേഡ് നിർണ്ണയത്തിനുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇത് സംബന്ധിച്ച് അദ്ധ്യാപക സംഘടനകളുമായി എന്തെങ്കിലും ചർച്ചകൾ നടത്തിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പഠിതാവിന്റെ സർവതോൻമുഖമായ വിലയിരുത്തലാണ് ഗ്രേഡിംഗ് സമ്പ്രദായംകൊണ്ട് ഉദ്ദേശിക്കുന്നത്. വൈജ്ഞാനികവും സഹവൈജ്ഞാനികവുമായ മേഖലകൾ ഒരേ സമയം വിലയിരുത്തുന്നതിന് ഈ ശാസ്ത്രീയമായ രീതി സഹായിക്കുന്നു. ഗ്രേഡിംഗ് സമ്പ്രദായം മൂന്ന് ഭാഗങ്ങളായി തരം തിരിച്ചിരിക്കുന്നു.

പാർട്ട് 1 - പഠിതാവിന്റെ വൈജ്ഞാനിക മേഖലയെ വിലയിരുത്തൽ

പാർട്ട് 2 - സഹവൈജ്ഞാനിക മേഖലയെ വിലയിരുത്തൽ

പാർട്ട് 3 - വ്യക്തിത്വ വികസനവും, സാമൂഹ്യപരവുമായ മേഖലയെ വിലയിരുത്തൽ.

പാർട്ട് 1-ൽ നിലവിലുള്ള 12 പേപ്പറുകൾക്കു പുറമേ ഇൻഫർമേഷൻ ടെക്നോളജി കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഐ.റ്റി. ഒഴിച്ചുള്ള ഓരോ പേപ്പറിനും ഇന്റേണൽ അസസ്സ്മെന്റിന് 20 മാർക്ക് വീതവും ഐ. റ്റി.-ക്ക് 10 മാർക്കും (ഇന്റേണൽ അസസ്സ്മെന്റ് ആകെ 250 മാർക്ക്) ആകുന്നു. എഴുത്ത് പരീക്ഷക്ക് ഓരോ പേപ്പറിനും 50 മാർക്ക് വീതവും (എഴുത്ത് പരീക്ഷക്ക് ആകെ 650 മാർക്ക്) ആകുന്നു. ഐ.റ്റി.-യുടെ 50 മാർക്കിൽ 20 മാർക്ക് തിയറിക്കും 30 മാർക്ക് പ്രാക്ടിക്കലിനുമാകുന്നു. ഇതിന് 9 പോയിന്റ് അബ്സല്യൂട്ട് ഗ്രേഡിംഗ് സമ്പ്രദായമാണ് നടപ്പിലാക്കുക.

പാർട്ട്-2ന്റെ വിലയിരുത്തലിന് 5 പോയിന്റ് അബ്സല്യൂട്ട് ഗ്രേഡിംഗും പാർട്ട്-3ന് 5 പോയിന്റ് ഡയറക്ട് ഗ്രേഡിംഗുമാണ് നടപ്പിലാക്കുന്നത്.

(സി, ഡി) ഉണ്ട്. 8, 9 സ്റ്റാൻഡേർഡുകളിൽ ഗ്രേഡിംഗ് ഏർപ്പെടുത്തിയ സന്ദർഭത്തിൽ അദ്ധ്യാപക സംഘടനാ നേതാക്കളുമായി ചർച്ച നടത്തിയിരുന്നു. 10-ാം ക്ലാസ്സിൽ ഗ്രേഡിംഗ് നിലവിൽ വരുന്നതിനു മുമ്പായി ഇത് സംബന്ധിച്ച് അദ്ധ്യാപക സംഘടനകളുമായി ചർച്ചകൾ നടത്തുന്നതാണ്.

സർവ ശിക്ഷാ അഭിയാൻ പദ്ധതി

82 [634] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ ശിക്ഷാ അഭിയാൻ പദ്ധതിയിലുൾപ്പെടുത്തി സ്കൂളുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി തിരുവനന്തപുരം ജില്ലയിൽ ഈ സാമ്പത്തിക വർഷം എത്ര രൂപ അനുവദിച്ചിരുന്നു;

(ബി) ഇങ്ങനെ അനുവദിച്ച തുകയുടെ എത്ര ശതമാനം ഇതുവരെ ചെലവഴിച്ചു;

(സി) അടിസ്ഥാന സൗകര്യ വികസനത്തിനായി തുക ചെലവഴിക്കുന്നതിന്റെ മാനദണ്ഡം വിശദീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ എസ്.എസ്.എ. പദ്ധതിക്കുവേണ്ടി നാലു കോടി രൂപ ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. ജില്ലയിൽ അടിസ്ഥാന സൗകര്യത്തിനായി അംഗീകരിച്ചിട്ടുള്ളത്. 2,81,00,000 രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly